STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.468/PR/SPMC/PHQ/2026 Date:07.10.2026

## പത്രക്കുറിപ്പ്

### ‘കിഡ് ഗ്ലോവ്’ മോഡൽ യുണൈറ്റഡ് നേഷൻസ് (KGMUN 2026) ഉദ്ഘാടനം ചെയ്തു

കേരള പോലീസിന്റെ കിഡ് ഗ്ലോവ് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച കിഡ് ഗ്ലോവ് മോഡൽ യുണൈറ്റഡ് നേഷൻസ് 2026 (KGMUN 2026) പരിപാടി, കേരള പോലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗം എസ്.പി അങ്കിത് അശോകൻ വൈറ്റില ടോക്-എച്ച് (TOC-H) പബ്ലിക് സ്കൂളിൽ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വിവിധ സ്കൂളുകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട ഏകദേശം 175 വിദ്യാർത്ഥി പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

ആഗോള വിഷയങ്ങളെക്കുറിച്ച് കൃത്യമായ ധാരണയുണ്ടാക്കാനും നയതന്ത്ര ചർച്ചകളിൽ പങ്കാളികളാകാനും യുവതലമുറയെ

പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. സംവാദങ്ങൾ, ആശയവിനിമയം, നേതൃപാടവം, നയതന്ത്ര സഹകരണം എന്നിവയിൽ വിദ്യാർഥികളുടെ മികവ് വളർത്തിയെടുക്കാൻ KGMUN-2026 വേദിയൊരുക്കും.

കേരളത്തിലുടനീളമുള്ള DDADs,DCRC കൗൺസിലർമാർ, 'കൂട്ട്' കൗൺസിലർമാർ, പരിശീലനം നേടിയ കേരള പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ പിന്തുണയോടെയാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തത്. മികച്ച പൊതുപ്രസംഗം, സംവാദം, ചർച്ച, ആശയവിനിമയം, നേതൃത്വപാടവം എന്നിവ പ്രകടിപ്പിച്ച വിദ്യാർത്ഥികളെയാണ് KGMUN 2026ലേക്ക് തിരഞ്ഞെടുത്തത്.

അന്താരാഷ്ട്ര വിഷയങ്ങളെക്കുറിച്ചുള്ള ഘടനാപരമായ ചർച്ചകളിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കുകയും വ്യത്യസ്ത കാഴ്ചപ്പാടുകൾ മനസ്സിലാക്കുകയും ക്രിയാത്മകമായ സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു. കുട്ടികളിലെ നേതൃത്വപാടവം, ആശയവിനിമയശേഷി, നയതന്ത്രപരമായ സമീപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ വികസിപ്പിക്കുന്നതിനും KGMUN വേദി വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി.

സൈബർ ഓപ്പറേഷൻസ് വിഭാഗം എസ്.പി അങ്കിത് അശോകൻ ഉദ്ഘാടകനും അധ്യക്ഷനുമായ ചടങ്ങിൽ ടോക് -എച്ച് സ്കൂൾ പ്രിൻസിപ്പൽ പ്രൊഫ. ടെസ്സി ജോസ് കെ, സെക്രട്ടറി വിപിൻ കെ. മാത്യു, സ്റ്റുഡന്റ്സ് ഓഫ് കേരള എജ്യുക്കേഷൻ ട്രസ്റ്റ് (SKET) ട്രസ്റ്റി, ഡോ. വിഷ്ണു ശരവണൻ എന്നിവർ പങ്കെടുത്തു. കേരള പോലീസ്

സൈബർഡോം ഇൻസ്പെക്ടർ ഷിബിൻ കെ.എ സ്വാഗതവും കിഡ് ഗ്ലോവ് സ്റ്റേറ്റ് കോർഡിനേറ്റർ ആനന്ദ് വി.എസ് നന്ദി പ്രകാശനവും നടത്തി.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*******************************************


Toc H Public School
Vyttila, Kochi-19
KGMUN


KGMUN

